LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയ കുളം നാല് വർഷം മുൻപും വേലക്കുളത്തിന്റെ പൊട്ടിയ പടവുകൾ കഴിഞ്ഞ വർഷവും നവീകരിച്ച് വൃത്തിയാക്കിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. എം.എൽ.എ.-യുടെ കത്ത് 14-7-2021 തീയതിയിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇതുസംബന്ധിച്ച് ശ്രീ. ആർ. രാജേഷ്, എം.എൽ.എ.-യുടെ കത്ത് 19-4-2021-ന് മാവേലിക്കര ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്.

അമ്പലങ്ങളുടെ കാവുകളും കുളങ്ങളും സംരക്ഷിക്കൽ

103(409) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളുടെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദമാക്കാമോ ?

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-22 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച 9,67,85,000 രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി 73,51,985 രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള 5,12,16,000 രൂപയുടെ പ്രൊപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13-7-2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗത്തിൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയാലോചന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.